പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2346 — 18-12-2012 ൽ മറുപടിയ്ക്ക്

## *സാഫല്യം ഭവന പദ്ധതി*

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാഫല്യം ഭവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിനായി എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ; | (ബി) | പദ്ധതിയ്ക്കായി ജില്ല തിരിച്ചുള്ള ഡിമാൻറ് സർവ്വെ നടപടികൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്ന അവസരത്തിൽ മാത്രമേ അത് നടപ്പിലാക്കുന്ന പഞ്ചായത്തിലേയും സമീപ പഞ്ചായത്തിലേയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ. |
| (സി) | കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്തുമോ; | (സി) | 30.11.2012 വരെ 108135 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ എത്ര വീടുകൾ നിർമ്മാണത്തിലിരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | 30.11.2012 വരെ 46093 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| (ഇ) | ഈ പദ്ധതി നിലവിലിരിക്കെ മറ്റൊരു പദ്ധതി പ്രഖ്യാപിക്കുകവഴി നിലവിലുള്ള പദ്ധതിയിലെ ഗുണഭോക്താക്കൾക്കുണ്ടായ ആശങ്ക പരിഹരിക്കുമോ; | (ഇ) | സ്വന്തമായി 2 സെൻറ് ഭൂമിയെങ്കിലുമുള്ള ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഇ.എം.എസ്. ഭവന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വർഷങ്ങൾക്ക് മുൻപ് നടപ്പാക്കി തുടങ്ങിയതാണ്. എന്നാൽ സാഫല്യം ഭവന പദ്ധതി സംസ്ഥാനത്തെ ഭൂരഹിത -ഭവന രഹിതരായ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, സാമ്പത്തികമായി പിന്നോക്കം നിലക്കുന്നവർക്കായി 2011- 2012 ൽ പ്രഖ്യാപിച്ച പാർപ്പിട പദ്ധതിയാണ്. രണ്ടു പദ്ധതികളും രണ്ടായതിനാൽ ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടെന്ന് കരുതുന്നില്ല. |
| (എഫ്) | ഇ.എം.എസ്. ഭവന പദ്ധതി നിർത്തലാക്കാനുള്ള സാഹചര്യം വിശദമാക്കാമോ? | (എഫ്) | ഇ.എം.എസ് ഭവന പദ്ധതി 2009-2011 കാലയളവിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. തുടർന്ന് ഒരു വർഷത്തേക്ക് (2011-12) പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചിരുന്നു.31.3.2012 ന് പദ്ധതി കാലാവധി അവസാനിച്ചു. എന്നാൽ 31.03 2012 ന് മുൻപ് എഗ്രിമെൻറ് വച്ച് പണി ആരംഭിച്ച ഗുണഭോക്താക്കൾക്ക് നിലവിൽ പുതുക്കിയ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ